"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- ശ്രീ നാരായണ ബോട്ട് ക്ലബ് - 36-ാമത് കവണാറ്റിൻകര ടൂറിസം ജലോത്സവം 2024 (2024 സെപ്റ്റംബർ 16)- ധനസഹായം - അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.16/2025/TSM തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:- 1. ശ്രീ നാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി, കവണാറ്റിൻകര സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 16.12.2024 തീയതിയിലെ DOT/12089//2023-M1 നം കത്ത്.

**<u>ഉത്തരവ്</u>**

2024 സെപ്റ്റംബർ 16 ന് കവണാറ്റിൻകര ശ്രീനാരായണ ബോട്ട് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെയും ഡി.ടി.പി.സി. കോട്ടയത്തിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച 36-ാമത് കവണാറ്റിൻകര ടൂറിസം ജലമേളക്ക് ധനസഹായം ആവശ്യപ്പെട്ടു ശ്രീ നാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, 2024 സെപ്റ്റംബർ 16 ന് കവണാറ്റിൻകര ശ്രീനാരായണ ബോട്ട് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെയും ഡി.ടി.പി.സി കോട്ടയത്തിന്റെയും സഹകരണത്തോടെ കവണാറിൽ സംഘടിപ്പിച്ച 36-ാമത് കവണാറ്റിൻകര ടൂറിസം ജലമേളക്ക് **3452-80-104-99- 01 വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ₹2,00,000/-**(രണ്ട് ലക്ഷം രൂപ മാത്രം)ധനസഹായം അനുവദിക്കുന്നതിന്

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം ശ്രീ നാരായണ ബോട്ട് ക്ലബ് ജനറൽ സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജനറൽ സെക്രട്ടറി, ശ്രീ നാരായണ ബോട്ട് ക്ലബ് ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 15-01-2025 14:19:16
സെക്ഷൻ ഓഫീസർ

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്